
വർണ്ണങ്ങൾ

# അബലയായ സ്ത്രീ

ഒരു നാട്ടിൽ ഒരു പാവപ്പെട്ട സ്ത്രീയുണ്ടായിരുന്നു. അവളുടെ പേര് രാജമ്മ എന്നായിരുന്നു. ആ വീട്ടിൽ കഴിയുന്നത് അവളും അവളുടെ മകളും മാത്രമായിരുന്നു. രാജമ്മ വീട്ടുവേലകൾ ചെയ്താണ് ആക്കുട്ടിയെ വളർത്തിയിരുന്നത്. ആക്കുട്ടിയുടെ അച്ഛൻ പണ്ടു തന്നെ മരിച്ചുപോയിരുന്നു. ആക്കുട്ടിയെ വളർത്താൻ വേണ്ടി അടുത്തുള്ള വീടുകളിൽ വീട്ടുജോലി ചെയ്താായിരുന്നു ചെലവ് മുന്നോട്ടുപോയിരുന്നത് . ഒരു ദിവസം രാജമ്മ പണിചെയ്യുന്ന വീട്ടിലെ സ്ത്രീ പരാതി തന്നിട്ടുണ്ട് എന്നുപറഞ് പോലീസ് രാജമ്മയുടെ വീട്ടിലെത്തി. രാജമ്മചോദിച്ചു എന്താ സാറേ എന്താ കാര്യം പറ സാറേ. അപ്പോൾ പോലീസ് പറഞ്ഞു നിങ്ങൾ പണിക്കുനിന്ന വീട്ടിൽ നിന്ന് അഞ്ചു പവന്റെ മാല മോക്ഷണം പോയെന്ന് ഉടനെ തന്നെ അവൾ പറഞ്ഞു. ഇല്ല സാറേ ഞാൻ മാല എടുത്തിട്ടില്ല. അപ്പോൾ പോലീസ് പറഞ്ഞു ഇനിയുള്ളതൊക്കെ സ്റ്റേഷനിൽ ചെന്നിട്ട് കേട്ടാൽ മതി. ശെരി സാറേ എന്ന് പറഞ്ഞു ആസ്ത്രി വണ്ടിയിൽ കയറി . അങ്ങനെ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ പോലീസിന് ഒരു ഫോൺവിളി വന്നു. ഉടനെ അദ്ദേഹം അങ്ങോട്ട് മാറി നിന്നു രാജമ്മ നോക്കുന്നുണ്ടായിരുന്നു അപ്പോൾഞാൻ പേടിച്ചുപോയി കുറച്ചു സമയം കഴിഞ്ഞപ്പോൾ അദ്ദേഹം എന്നെ വിളിച്ചു ഇവിടെ വരൂ. ഇപ്പോഴാണ് അവർ പറയുന്നത് വീട്ടിൽ ഉണ്ടായിരുന്നു എന്ന്. ഉടൻ രാജമ്മ പോയിക്കോളൂ എന്ന് പറഞ്ഞു പോലീസ് വിട്ടു.അങ്ങനെയവൾ വീട്ടിൽ ഒരു സന്തോഷ കുടുംബമായി ജീവിക്കുകയാണ് . ഇതോടു കൂടി നമുക്കു മനസിലാക്കാം നമ്മൾ ഒന്നും കാണാതെ പാവങ്ങളുടെ നേരെ പഴി ചാരരുത് എന്ന് മനസ്സിലാക്കുക.

**ആദിത്യ എസ് 9 എ**

# ഭാഷണവും ഭരണവും

സൈനികശേഷിയിൽ വളരെ പിന്നിലായിരുന്ന ആ രാജ്യം. ശത്രുരാജ്യം ദിവസങ്ങൾക്കുള്ളിൽ തങ്ങളെ ആക്രമിക്കും എന്ന വിവരം അവർക്കു ലഭിച്ചു . രാജാവും ജനങ്ങളും എന്തുചെയ്യണമെന്നറിയാതെ ഭയചകിതരായി പിറ്റേന്നുരാവിലെ മറ്റൊരു രാജ്യത്തുനിന്നുള്ള ദൂതൻ അവിടെ വന്നു പറഞ്ഞു " നിങ്ങൾ പേടിക്കേണ്ട . നിങ്ങളെ രക്ഷിക്കാൻ എന്റെ രാജ്യത്തെ സൈന്യം ഇങ്ങോട്ട് പുറപ്പെട്ടിട്ടുണ്ട് "

പറഞ്ഞതുപോലെ സൈന്യമെത്തി ശത്രുരാജ്യത്തെ പരാജയപ്പെടുത്തി. സന്തോഷത്താൽ മതിമറന്ന ജനങ്ങൾ തങ്ങളുടെ രക്ഷകനായ ആ ദൂതനെ പുതിയ രാജാവായി വാഴിച്ചു . അന്നുമുതൽ രാജ്യത്തു പ്രശ്നങ്ങളുണ്ടായി . പുതിയ രാജാവ് എല്ലാകാര്യങ്ങളിലും പരാജയപ്പെട്ടു . അവസാനം ജനങ്ങൾ അദ്ദേഹത്തെ നാടുകടത്തി .

സന്ദേശവാഹകൻ ഒരു സന്ദേശമാകണമെന്നില്ല . സന്ദേശം പ്രചരിപ്പിക്കാനുള്ളകഴിവും ആ സന്ദേശമാകാനുള്ള കഴിവും രണ്ടാണ് . പറയുന്ന കാര്യങ്ങൾ വിശ്വസിപ്പിക്കാനും ആളുകളെ സ്വാധീനിക്കാനും കഴിയുന്നവർക്ക് അത് സ്വന്തം ജീവിതത്തിൽ നടപ്പാക്കാൻ കഴിഞ്ഞെന്നുവരില്ല . വഴികാട്ടികളെല്ലാം ആ വഴിയേ സഞ്ചരിക്കുന്നവരാണ് . എന്നു കരുതിയാൽ തെറ്റി അവർക്കു കാലിടറുകയോ അവർ വഴി മാറുകയോ ചെയ്താൽ വഴിയേ പഴിക്കുന്നതിലും അർത്ഥമില്ല . നേതൃത്വത്തെക്കുറിച്ച് മികച്ച പ്രഭാഷണണം നടത്തുന്നവരോ മികച്ച നേതാക്കന്മാരാകണമെന്നില്ല . ഭാഷണം അറിയുന്നവർക്ക് ഭരണം അറിയണമെന്നല്ല .

ഒരു രാത്രികൊണ്ട് രൂപപ്പെടുന്ന നേതാക്കന്മാരെല്ലാം പരിമിതികൾ ഉള്ളവരായിരിക്കും . ആടുകളുടെ മരണമില്ലാത്ത ഇടയന്മാരെല്ലാം അപ്രത്യക്ഷരാകും . കൺകെട്ടുവിദ്യകൾ കണ്ടു കാലത്തെ അതിജീവിക്കാനാകില്ല . അർഹരായവരെ മാത്രം ദൗത്യമേൽപ്പിക്കാനും

**യോഗ്യമായ പ്രവൃത്തികൾ മാത്രം ചെയ്യാനുമുള്ള മിടുക്കാണ് ഒരു സമൂഹത്തിന്റെ വൈദഗ്ധ്യവും വിളവും തീരുമാനിക്കുന്നത് .**

**"ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നതും ചെയ്യരുതാത്തത് ചെയ്യുന്നതും ഒരുപോലെ തെറ്റാണ് "**

**അലീഷ ജോസ്മോൻ ,9A**

# ചന്തം

കള കള മൊഴുകി നീന്തി പോകും

അരുവികൾക്ക് എന്ത്ചന്തം

കുക്കൂ എന്ന് പാട്ടും പാടി

നടക്കും കുയിലമ്മയ്ക്ക്

എന്ത് ചന്തം

പറ പറ പറന്ന് മരത്തിൻ പോതിൽ

ചെന്നിരിക്കും തത്തമ്മയ്ക്ക്

എന്ത് ചന്തം

മാമ്പഴങ്ങൾ കൊത്തിയിട്ടും കുഞ്ഞണ്ണാന്

എന്തു ചന്തം

അഗ്നേയാ മാധവ്

7 A

# ചില്ലുജാലകത്തിലെ അക്ഷരതാളുകൾ

ഹായ് കൂട്ടുകാരെ എന്നെ നിങ്ങൾക്കറിയില്ലായിരിക്കാം പക്ഷേ നിങ്ങളുടെ മാതാപിതാക്കൾക്കെയെന്നറിയാം ഞാൻ ഒരു പുസ്തകമാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റെ ഉപ്പൂപ്പാക്ക് ഒരാനെണ്ടായിരുന്നു" ഇതാണ് എന്റെ പേര് എനിക്ക് നിങ്ങളോടൊരു കഥ പറയാനുണ്ട് .ഒരു പുസ്തകത്തിന്റെ കഥ .എന്റെ കഥയാണിത് ചില്ലുജാലകത്തിൽ അടക്കപ്പെട്ട ഒരു പുസ്തകത്തിന്റെ തേങ്ങൽ ആയിട്ടായിരിക്കാം ഈ കഥ നിങ്ങൾക്ക് ചിലപ്പോൾ തോന്നുന്നത്

പണ്ട് പണ്ട് ഒളുണ്ടായിരുന്നു .എന്നാൽ അവരാരും ഇന്ന് വരുന്നില്ല ഒരുപാട് വർഷങ്ങൾക്കുമുമ്പ് ഒരു വായനശാലയിൽ ഇരിക്കുകയായിരുന്നു ഞാൻ അപ്പോൾ ഒരു പയ്യൻ വന്ന് എന്റെ പുറംഭംഗികണ്ട് എന്നെ എടുത്തു എന്നാൽ പിന്നിടാണ് എനിക്ക് മനസ്സിലായത് .ഇവന് എന്നെ അറിയാനല്ല എന്റെ പുറംഭംഗിയോടുള്ള ഇഷ്ടം മൂലമാണ് എന്നെ എടുത്തത് ഒരുപാട് പുസ്തകസ്നേഹികളുടെ മടിയിൽ ഉറങ്ങിയിട്ടും ഒരുപാട് പേരുടെ തലോടലുകൾ ഏറ്റിട്ടും എനിക്ക് ഇങ്ങനെയൊരനുഭവം ആദ്യമാണ്

ഒരുപാട് വർഷങ്ങൾ കഴിഞ്ഞു .കാലംമാറി ആളുകളുടെ കോലവും മാറി അവരുടെ സ്വഭാവം മാറി .വർഷങ്ങൾക്കുമുൻപ് ഒരു സ്റ്റാറായി നിന്നിരുന്ന ഞാൻ ഇന്ന് പഴയ പുസ്തകങ്ങൾ സൂക്ഷികുന്ന വായനശാലയിലെ പൊടിപോളിഞ്ഞ തടിയിൽ ചില്ലുജാലകം പിടിപ്പിച്ച ഒരു പഴയ അലമാരയിൽ ആണ് ഞാൻ .ഇരുട്ടുനിറഞ്ഞ ആ മൂലയിൽ മങ്ങിയ രീതിയിൽ സൂര്യൻ പ്രകാശിക്കുന്നുണ്ടായിരുന്നു .എന്നെ ഇന്നാർക്കും വേണ്ട .എന്റെ കൂടെ അലമാരിയിൽ തകഴി ശിവശങ്കരൻപിള്ളയുടെ 'പൂവൻ പഴം" എന്ന നോവലും ഉണ്ട് ഞങ്ങളെ ഇന്ന് ആർക്കും വേണ്ട .ഒരുപാട് വർഷം മുൻപ് ഞങ്ങളെ താലോലിച്ചിരുന്ന ഒരുകൂട്ടം പുസ്തകപ്രേമികൾ ഉണ്ടായിരുന്നു .എന്നാൽ അവരാരും ഇന്ന് വരുന്നില്ല

ഇവിടെ ഈ വായനശാലയിൽ 'ലൈബ്രറി " എന്ന് പുതിയ തലമുറ വിളിക്കുന്ന 'വായനശാലയിൽ " മറ്റൊരു പുത്തൻ അലമാരിയിൽ മറ്റൊരു താരംകൂടിയുണ്ട് അവന്റെ പേര് 'ടിന്റുമോൻ ജോക്സ് " അവനാണ് ഇപ്പോൾ ഞങ്ങളുടെ ഇടയിൽ സൂപ്പർസ്റ്റാർ .അവൻ ഇവിടെനിന്നും ഒന്ന് തിരിയാൻപോലും സമയമില്ല ഒരാൾകൊണ്ടുപോകുംമുമ്പേ അവനെ തട്ടിയെടുക്കാൻ എല്ലാവരും ഭയങ്കര വേഗത്തിലാണ് വരുന്നത് ഭാഗ്യമുള്ളയാൾക്ക് അവനേകിട്ടും അത്രയ്ക്ക് തിരക്കാണ്.ഇതുപോലെ ഒരുനാൾ ഞാനും ഓടിനടന്നിരുന്നു .

ഇന്നും പ്രതീക്ഷയോടെ ഞാൻ കാത്തിരിക്കുന്നു ഏതെങ്കിലും ഒരു സ്നേഹിതൻ എന്നെ കൊണ്ടുപോയി ഒന്നു തൊട്ടു തലോടാൻ ,മാറോട് ചേർക്കാൻ , എന്നെ വായിച്ചു സന്തോഷിക്കാൻ .വരുമെന്ന പ്രതീക്ഷയോടെ .ഇത് ഒരു പുസ്തകത്തിന്റെ തേങ്ങലാണ് ഒരിക്കലും മായാത്ത തേങ്ങൽ .

ദേവിക പ്രമോദ്

9A

# ചിന്നുവിന്റെ അവധിക്കാലം

പണ്ട് പണ്ട് ഒരു കുഗ്രാമത്തിൽ ചിന്നു എന്നൊരു പെൺകുട്ടിയുണ്ടായിരുന്നു. അവൾക്കു നീന്തൽ വളരെ നന്നായി അറിയാമായിരുന്നു,പ്രത്യേകിച്ച് തോട്ടിലും പുഴയിലും കുളത്തിലുമൊക്കെ .രണ്ടു മാസം അവധിക്കു ചിന്നു അവളുടെ ആന്റിയുടെ വീട്ടിൽ പോയി .ആന്റിയുടെ മക്കളായ അപ്പുവിനും അച്ചുവിനും ഇഷ്ടമല്ലായിരുന്നു എവിടെപ്പോയാലും അവർ ചിന്നുവിനെ കൂടെകൂട്ടില്ല .ഒരു ദിവസം അവർ സ്വിമ്മിങ് പൂളിൽ നീന്താൻ പോകാൻ തുടങ്ങുകയായിരുന്നു .ചിന്നു ചോദിച്ചു –അപ്പു ഞാനും വന്നോട്ടെ അപ്പു പറഞ്ഞു –വേണ്ട നീ വരണ്ട ചിന്നു –അതെന്താ അപ്പു?അച്ചു .................. നീയെങ്കിലും പറ ..........അച്ചുവിന്റെ ശബ്ദം ഉയർന്നു –ഇല്ല ,നീ വരണ്ട നീ ഒരു നാട്ടുമ്പുറക്കാരിയാ .നിനക്ക് സ്വിമ്മിങ് പൂളിൽ നീന്താൻ അറിയാമോ ,സ്വിമ്മിങ് ഡ്രസ്സുണ്ടോ ?ചിന്നു സങ്കടത്തോടെ പറഞ്ഞു –ഈ ഉടുപ്പിട്ട് നീന്തിയാൽ എന്താ അപ്പുവിന് ദേഷ്യം വന്നു "ഈ ഉടുപ്പിട്ടു നീന്താൻ ഇതു നിന്റെ ഗ്രാമത്തിലുള്ളതരം തോടോ ,കുളമൊയല്ല "

ചിന്നുവിനെ കളിയാക്കി അവർ രണ്ടുപേരും നടന്നു പോയി .അവൾക്കു വിഷമം ഉണ്ടായെങ്കിലും അവൾ അത് ആൻറ്റിയോട് പറഞ്ഞില്ല .കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആന്റി ഒരു കുന്നിൻ ചരുവിവിൽ പിക്നിക് പോകാൻ തീരുമാനിച്ചു .അത് കുട്ടികളോട് പറയാനായി എല്ലാവരെയും വിളിച്ചുവരുത്തി .ആന്റി ആഹ്ലാദത്തോട്ടുകൂടി പറഞ്ഞു ."അപ്പു ,അച്ചു ,ചിന്നു നമ്മൾ എല്ലാവരുംകൂടി മൂന്ന് ദിവസം പിക്നിക്കിനു പോകുന്നു ".

അച്ചുവിന് സന്തോഷമായി –"അതുകൊള്ളാമല്ലോ അമ്മെ .പക്ഷ ചിന്നുവിനെ കൊണ്ടുപോകേണ്ട .അതിനു പകരം എന്റെ കൂട്ടുകാരെയെല്ലാം വിളിക്കാം "ആന്റി ശാസിച്ചു –"നിന്റെ കൂട്ടുകാരെയെല്ലാം നമുക്ക് കൂടെ കൂട്ടാം .പക്ഷ ചിന്നുവും കൂടെയുണ്ടാവും ".മനസില്ലാമനസോടെ അവർ അത് സമ്മതിച്ചു .അങ്ങനെ അവർ വളരെ ആഹ്ലാദത്തോട്ടുകൂടിയും ആവേശത്തോട്ടുകൂടിയും പിക്നിക്കിന് പോയി .അപ്പുവും അച്ചുവും വന്നപാടെ ചിന്നുവിനെ കൂട്ടാതെ കൂട്ടുകാരുമായി പുഴയിൽ നീന്താൻ പോയി .ചിന്നുവിന് പുഴയിൽ എന്തോ ആപത്തു പതുങ്ങിയിരിക്കുന്നതായി തോന്നി "കൂട്ടുകാരെ ...............അങ്ങോട്ടുപോകരുതു .അത് ആപത്താണ് "പ്രകൃതിയുടെ മാറ്റങ്ങൾ പെട്ടെന്ന് മനസ്സിലാകുന്ന ചിന്നു മുന്നറിയിപ്പ് നൽകി .അവർ ആ വകവെച്ചില്ല .അവരെല്ലാരും പുഴയിലേയ്ക്ക് എടുത്തുചാടി .പെട്ടെന്ന് ഒരു ചുഴി പ്രത്യക്ഷപെട്ടു .അവർ ഞെട്ടിപോയി ."അയ്യോ ......രക്ഷിക്കണേ ".അവർ ഒരേ

സ്വരത്തിൽ അലറി .അലർച്ച മാതാപിതാക്കൾ നോക്കിയപ്പോൾ കുട്ടികൾ ചുഴിയിൽപെട്ടുകിടക്കുന്നു. അവർ നിശ്ചലരായി പെട്ടെന്നുതന്നെ ചിന്നു തന്റെ ജീവൻ പോലും വകവയ്ക്കാതെ പുഴയിലിലേക്കു ചാടി ."അച്ചു ,അപ്പു എന്നെ പിടിച്ചോ "ചിന്നുവിന്റെ നിർദേശപ്രകാരം അവർ അവളെ പിടിച്ചു .അവൾ അവരുമായി മുന്നോട്ടുപോയി ,കരയിലെത്തി .എന്നിട്ടു അവൾ അവരുടെ കൂട്ടുകാരെ രക്ഷിക്കാനായി പുഴയിൽ വീണ്ടും ഇറങ്ങി .അവരെയും രക്ഷപെടുത്തി.ഈയൊരു അപകടം കഴിഞ്ഞപ്പോളാണ് അപ്പുവിനും അച്ചുവിനും സചിന്നുവിന് തങ്ങളോട് എത്രമാത്രം സ്നേഹമുണ്ടെന്നു മനസ്സിലായതു .അന്നുമുതൽ അവരെല്ലാവരും നല്ല ഒരുമായുള്ള കൂട്ടുകാരായിമാറി . എല്ലാ അവധിക്കും അവൾ ആന്റിയുടെ വീട്ടിൽ പോയി നിൽക്കുന്നത് പതിവാക്കി .

സൂര്യനന്ദ എസ്
*5 ബി*

# ദൈവത്തോടുള്ള  ചോദ്യം

ഞാൻ  ദൈവത്തോട്  ചോദിച്ചു

"ജീവിതം എങ്ങനെ ആണ് കൈകാര്യം ചെയ്യുക "?

ദൈവം  പറഞ്ഞു  "ആദ്യം  നിന്റെ മുറി  പരിശോധിച്ച്  മനസിലാക്കുക ". ആ  ചോദ്യത്തിനുള്ള  ഉത്തരം  എന്റെ  മുറി എനിക്ക്  കാണിച്ചു  തന്നു ............മേൽക്കൂര പറഞ്ഞു ലക്ഷ്യം ഉയർന്നത് ആയിരിക്കണം ഫാൻ പറഞ്ഞു എപ്പോഴും  കൂൾ ആയി ഇരിക്കുക ..................ക്ലോക്ക് പറഞ്ഞു സമയം വിലപ്പെട്ടത് ആണ് .പേഴ്സ് പറഞ്ഞു ഭാവിയിലേക്ക് ഇപ്പോഴേ ശേഖരിക്കുക . കലണ്ടർ പറഞ്ഞു  ദിവസങ്ങൾ വിലപ്പെട്ടതാണ് .കണ്ണാടി പറഞ്ഞു നീ ആദ്യം നിന്നെ മനസിലാക്കുക  വിളക്ക് പറഞ്ഞു മറ്റുള്ളവർക്ക് പ്രകാശം പരത്തുക. ഭിത്തി പറഞ്ഞു  മറ്റുള്ളവരുടെ ഭാരം കൂടെ താങ്ങുക ജനാലകൾ പറഞ്ഞു കാഴ്ച്ച ദീർഘദൂരം വ്യാപിക്കുക . തറ പറഞ്ഞു എടുത്തു വെക്കുന്ന ഓരോ ചുവടുകളും ശ്രദ്ധിക്കുക  .അനുഭവമാണ്  നിന്റെ ഗുരു വീഴ്ചകളിൽ നിന്നുമാണ് നീ പേടിക്കേണ്ടത് .

സജ്‌ല  ഫാത്തിമ .എസ്

*9A*

# ഒരു കുഞ്ഞിക്കോഴിയുടെ  കഥ

ഒരിടത്തു ഒരു ഭംഗിയുള്ള ഗ്രാമമുണ്ടായിരുന്നു അവിടെയൊരു നദിക്കരയിൽ ഒരു ചെറിയ കുടിലിൽ ഒരു പിടക്കോഴി താമസിച്ചിരുന്നു.ആ കോഴി പന്ത്രണ്ട് മുട്ടയിട്ടിരുന്നു അതിൽ പത്ത് കോഴികുഞ്ഞും വിരിഞ്ഞിരുന്നു .പക്ഷേ രണ്ടെണ്ണം മുട്ടയായിട്ടുതന്നെ കിടന്നു.ആ പിടക്കോഴി ബാക്കിയുള്ള രണ്ടുമുട്ടയെടുത്ത് പുരയിൽ വച്ചിട്ട് ബാക്കിയുള്ള പത്ത് കോഴികുഞ്ഞുങ്ങൾക്ക് ആഹാരത്തിനായി പുറത്തുപോയി. അതിനിടയ്ക്ക് അവശേഷിച്ച രണ്ടു മുട്ടയിൽ നിന്ന് ഔരെണ്ണം തന്റെ കുഞ്ഞുമൂക്കുകൊണ്ടു ഇടിച്ചുപുറത്തുവന്നു

പാവംപിടിച്ച കുഞ്ഞിക്കോഴി പുറത്തുവന്നയുടൻ തന്റെ അമ്മയെ തിരഞ്ഞു പക്ഷെ ആ കുഞ്ഞിന് അമ്മയെ കാണുവാൻ കഴിഞ്ഞില്ല.അവിടെ ആരുംതന്നെയില്ലായിരുന്നു.ആ കുഞ്ഞി കോഴിക്ക് വളരെ വിഷമമായി.അത് അതിന്റെ അമ്മയെ സ്വയമായി കണ്ടെത്താൻ തീരുമാനിച്ചു.പെട്ടന്ന് തന്നെ ആ കുഞ്ഞിക്കോഴി തന്റെ അമ്മയെ അന്വേഷിച്ച് ആ  കുടിലിൽനിന്നു യാത്രയായി.ആ കുഞ്ഞിക്കോഴി ആ കുഞ്ഞികാലുകള്കൊണ്ടു നടക്കുവാൻ തുടങ്ങി.അപ്പോൾ ഒരു പശു പച്ചപ്പുല്ല് ഭക്ഷിക്കുന്നത് കണ്ടു.ആ കുഞ്ഞിക്കോഴി ഇത്രയും വലിയ പശുവിനെ കണ്ട് പരിഭ്രമിച്ച് ആകാംഷയോടുകൂടി നിന്നു.കുറച്ചു സമയങ്ങൾക്കുശേഷം ആ പശു കുഞ്ഞിക്കോഴിയോടുചോദിച്ചു നീ എന്താണ് തിരയുന്നത് ഇത്ര അത്ഭുതകരമായി.ഉടൻ ആ കുഞ്ഞിക്കോഴി വളരെ നിഷ്കളങ്കതയോടു ചോദിച്ചു നീയാണോ എന്റെ 'അമ്മ ? ഇതു കേട്ട പശു വളരെ സഹതാപത്തോടുകൂടി ചോദിച്ചു നീ എന്നെ നോക്ക് ഞാൻ എത്ര വലുതാണ് എത്ര പൊക്കമുള്ളതാണ് നിന്റെ 'അമ്മ എന്തായാലും എന്നേക്കാൾ ചെറുതാണ്.ഇതുകേട്ട കുഞ്ഞിക്കോഴി വളരെ വിഷമത്തോടുകൂടി വളരെദൂരം നടന്നു കുറച്ചു സമയംകഴിഞ്ഞപ്പോൾ ഒരു ആട് ഇലകൾ കഴിക്കുന്നത് കണ്ടു.കുഞ്ഞിക്കോഴി ആടിന്റെ അരികില്ലേയ്ക്ക് നടന്നു.നീ പശുവിനേക്കാൾ ചെറുതാണല്ലോ നീയാണോ എന്റെ 'അമ്മ? കുഞ്ഞിക്കോഴി ചോദിച്ചു.അതെ ഞാനാ പശുവിനേക്കാൾ ചെറുതാണ്

പക്ഷെ എനിക്ക് നാലുകാലുകളുണ്ട് നിന്നെ പോലെ തന്നെ നിന്റെ അമ്മയ്ക്ക് രണ്ടു കാലുകളും ചിറകുകളുമുണ്ട്,ആട് പറഞ്ഞു.ഇത് കേട്ട് കുഞ്ഞിക്കോഴി വളരെ വിഷമമായി അത് പിന്നെ അതിന്റെ അമ്മയെ തേടി ഒരുപാടു ദൂരം നടന്നു.കുറച്ചുദൂരം ചെന്നപ്പോൾ കാ  കാ ഒരു കാക്ക പെട്ടന്ന് കുഞ്ഞികോഴി ആട് പറഞ്ഞ വാക്കുകൾ ഓർത്തു എന്നിട്ട് ആലോചിച്ചു ഈ കാക്ക തന്നെ യായിരിക്കും എന്റെ അമ്മ എന്നിട്ട് കാക്കയോട് ചോദിച്ചു.നിനക്ക് രണ്ടു കാലുകളും ചിറകുകളും ഉണ്ട നീയാണോ എന്റെ അമ്മ?അ ശരിയാണ് എനിക്ക് രണ്ട് കാലുകളും ചിറകുകളുംമുണ്ട് പക്ഷേ എനിക്ക് നിന്റെ അമ്മയെക്കാൾ ഉയരത്തിൽ പറക്കുവാൻ സാദിക്കും. കൂടാതെ നിന്റെ അമ്മ എന്നെക്കാൾ വലുതാണ്.നിന്റെ അമ്മയ്ക്ക് എന്റെ കാലുകളെകാൾ നീളമുണ്ട് പിന്നെ നിന്റെ അമ്മ എന്നെപോലെ കാ....എന്ന് കരയില്ല. കാക്ക മറുപടി കോടുത്തു പിന്നെ കിഞ്ഞിക്കോഴിക്ക് സങ്കടമായി കുഞ്ഞിക്കോഴിയുടെ സങ്കടം കണ്ടിട്ട് കാക്ക്സഹതാപം തോന്നി കാക്ക കുഞ്ഞികോഴിയോട് പറഞ്ഞു  നീ സങ്കടപ്പെടേണ്ട നീകുറച്ചു ദൂരം കൂടിനോക്ക് ഉറപ്പായിനിന്നക്ക് അമ്മയെ കണ്ടെത്താൻ സാധിക്കും ഇത് പറഞ്ഞിട്ട് കാക്ക പറന്നുപോയി.കാക്കയുടെ പറച്ചിൽ കുഞ്ഞികോഴിക്ക് ഹരമായി. എന്നിട്ട് തന്റെ കുഞ്ഞികാലുകൾ കൊാണ്ട് പയ്യേപയ്യേ കുളകരയിലേക്ക് നടന്നു അവിടെ കണ്ടു ക്വക്ക ക്വക്ക.. താറാവ് .തന്റെ കുഞ്ഞിങ്ങളായി നടക്കുന്നു കുഞ്ഞികോഴി വളരെ സന്തോഷിച്ചു കാക്ക പറഞ്ഞത് വെച്ച് നോക്കിയ സാദ്രശ്യംനോക്കിയാപ്പോൾ എന്നിട്ട് താറാവിന്റെ അടുതേക്ക് ഒടിചെന്നു അമ്മേ.. അമ്മേ ... എന്നുവിളിച്ചു താറാവ് പെട്ടെന്ന് ഞെട്ടി ആ കുഞ്ഞികോഴിയേ കണ്ടപ്പോൾ എന്താഅമ്മ ഞെട്ടിയത് ഞാൻഅമ്മയ്ടെ കുഞ്ഞല്ലേ കോഴിക്കുഞ്ഞ് പറഞ്ഞു.

# കാട്ടിലെ കൂട്ടുകാർ

ഒരിടത്ത് ഒരു കാട് ഉണ്ടായിരുന്നു . സാധാരണ കാട്ടുകൾ പോലെയല്ല അതിലും മനോഹരമായ കാട്. അവിടെയുള്ള എല്ലാവരും സ്നേഹത്തോടും സന്തോഷത്തോടും കൂടിയാണ് ജീവിച്ചിരുന്നത് . ആ കാട്ടിലെ രണ്ട് താരങ്ങളായിരുന്നു ഹണിയും ബണ്ണിയും . അവർ ഉറ്റ സുഹൃത്തുക്കളായിരുന്നു ഹണിയാണെങ്കിൽ മഹാ വിഢിയും അധ്വാനശീലം തീരെ ഇല്ലാത്തവനുമാണ് . പക്ഷെ ബണ്ണി അങ്ങനെയല്ല അതിബുദ്ധിമാനും സാമർത്യവും ചുറുചുറുക്കും അധ്വാനശീലവും ഉള്ള ആളാണ്. ഒരിക്കൽ അവർ രണ്ടുപേരും കൂടി തീരുമാനിച്ചു ഈ കാട് മുഴുവൻ കണ്ട് തീർക്കണം എപ്പോഴും ഇവിടെ മാത്രം നടന്നാൽ പോരല്ലോ എന്ന് എ അവർ പിറ്റേ ദിവസം പോകാൻ തീരുമാനിച്ചു . അങ്ങനെ അവർ രണ്ട് പേരും കൂടെ ഇറങ്ങി . ബണ്ണി ഹണിയോട് പറയുന്നുണ്ട് മണ്ടത്തരമൊന്നും കാണിച്ചേക്കരുതെന്ന്. സന്ധ്യ ആകും മുമ്പ് രണ്ട് പേർക്കും വീട്ടിൽ എത്തണം ഇല്ലെങ്കിൽ അവരുടെ മാതാപിതാക്കൾ വഴക്കിടും ഇവർ ഓരോതമാശയും പറഞ്ഞു ഇങ്ങനെ ഇങ്ങനെ നടന്നു . അപ്പോൾ അവർ ഒരു അതിമനോഹരമായ ശലഭം ഒരു പൂവിൽ ഇരുന്നു തേൻ കുടിക്കുന്നുണ്ടായിരുന്നു . അവർ അടുത്ത് ചെന്നപ്പോൾ അത് പറന്നു പോയി അവർ രണ്ടു പേരും അതിന്റെ പുറകെ ഓടാൻ തുടങ്ങി . അവസാനം ചെന്നെത്തിയത് എവിടെയാണ് എന്ന് അവർക്കറിയില്ല . ഓടിയോടി അവർ രണ്ടുപേരും വിഷമിച്ചു ദാഹിക്കുന്നതിനാൽ അവിടെ ഇവ എവിടെയെങ്കിലും തടാകം ഉണ്ടോ എന്ന് നോക്കി അവർ ഒരു തടാകം കണ്ടു . അവിടെ പോയി ദാഹമറ്റുവോളം വെള്ളം കുടിച്ചു കുറച്ചു ശേഖരിക്കുകയും ചെയ്തു . അവർ പിന്നെയും നടക്കാൻ തുടങ്ങി . ഹണിപറഞ്ഞു ഇനി നമുക്ക് വീട്ടിലേക്ക് നടക്കാം . അപ്പോൾ ബണ്ണി പറഞ്ഞു വേണ്ട എന്തയാലും വന്നതല്ലേ കാട് മുഴുവൻ കാണാതെ ഞാൻ വരില്ല എന്ന് പറഞ്ഞു ചെന്നു . പെട്ടെന്ന് ഒരു ആനക്കൂട്ടത്തിന്റെ മുമ്പിൽ കണ്ട പാതി കാണാത്ത പാതി അവർ രണ്ടുമെടുത്തു ഓടി . ആനക്കൂട്ടം അവരുടെ പുറകെ ഹണി ഓടി മരത്തിൽകയറി പുറകെ ബണ്ണിയും കുറേനേരം അവിടെ ഒളിച്ചിരുന്ന് . എല്ലാം പോയി എന്നറിഞ്ഞപ്പോൾ മരത്തിൽ നിന്ന് ഇറങ്ങി താഴെ വന്നു . അവർ കുറച്ച നടന്നപ്പോൾ തന്നെ സന്ധ്യ ആയിരുന്നു . ഹണിപറഞ്ഞു അവർ നമ്മളെ

നോക്കി വിഷമിക്കുന്നുണ്ടാകും ഞാൻ നിന്നോട് പറഞ്ഞതല്ലേ പോവാം എന്ന് . കാട് ഒരിക്കലും കണ്ട് തീർക്കാൻ പറ്റില്ല എന്ന് പറഞ്ഞതല്ലേ നിന്റെ അതിബുദ്ധിയും സാമർത്യവും കൊണ്ടല്ലേ ഇങ്ങനെ ഉണ്ടായത് . അന്നുമുതൽ ബണ്ണിക്ക് മനസിലായി വേണ്ടാത്തയിടത്തു അതിബുദ്ധി കാണിച്ചാൽ പണികിട്ടുമെന്നു . അവർ പതുക്കെ നടന്നു വീട്ടിൽ എത്തി അച്ഛനോടും അമ്മയോടും നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞു. അവർ പറഞ്ഞു ഇനിയൊരിക്കലും ഇങ്ങനെ ചെയ്യരുത് . പിന്നെ കാട് മുഴുവൻ കണ്ടു തീർക്കാൻ പറ്റില്ല എന്ന് ഇതിൽ നിന്ന് നമുക്ക് നല്ലൊരു ഗുണപാഠം മനസിലാക്കാം .

ജെസ്ന ജയ്മോൻ
9A

# കൃഷിക്കാരന്റെ  അധ്വാന ഫലം

ഒരിക്കൽ ഒരു ഗ്രാമത്തിൽ രാമു എന്ന കൃഷിക്കാരൻ താമസിച്ചിരുന്നു . അദ്ദേഹത്തിന് ഒരു കൊച്ചു കുടുബമാണ് ഉണ്ടായിരുന്നത് .ആ കൊച്ചു കുടിലിലാണ് അദ്ദേഹം താമസിച്ചിരുന്നത്.അവിടടുത്തുള്ള കൃഷിസ്ഥലത്താണ് രാമു കൃഷിചെയ്യുനത്. രാമുവിനെകൂടണ്ട് മാറ്റു പല കർഷകരും കൃഷിചെയ്യാറുണ്ട്. അങ്ങനെ കുറെ കർഷകർ ഒരുനാൾ പോയി . അന്ന് കുറച്ചു കർഷകരുടെയെണ്ണം കുറവായിരുന്നു . അങ്ങനെയിരിക്കെ രാമുവും മറ്റുകർഷകരെല്ലാം കൃഷിചെയ്യുവാൻ തുടങ്ങി . അപ്പോൾ അവിടെ കൃഷിക്കായി ഒരു ചെയർമാൻ വന്നു . രാമുവാണെങ്കിൽ കഠിനമായി പ്രയത്നിച്ചു . ഉച്ചയായിട്ടും ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ തന്റെ കൃഷിക്കുവേണ്ടി അധ്വനിക്കുന്നു . അങ്ങനെ ആ ദിവസം മറ്റു കർഷകരെല്ലാം കടത്തിവെട്ടിച്ച് രാമു കൃഷി ചെയ്തു . ഇതു കാണുന്ന ചെയർമാന് അടക്കാനാവാത്ത സന്തോഷം . അപ്പോൾ ചെയർമാൻ പറഞ്ഞു "സ്വന്തം കൃഷിക്കുവേണ്ടി അധ്വനിക്കുന്ന താങ്കളെ പറ്റി ഞാൻ അഭിമാനിക്കുന്നു " അപ്പോൾ രാമു പറഞ്ഞു "കൃഷി ചെയുക എന്നത് എന്റെ ജോലിയാണ് . ഈ കൃഷിയുണ്ടെങ്കിലേ എനിക്കും ജനങ്ങൾക്കും അന്നം ലഭിക്കൂ ". ശരി രാമു ഇപ്പോൾ ചെല്ലൂ എന്നിട്ട് നാളെ വരു എന്നു ചെയർമാൻ പറഞ്ഞു. ആ ദിവസം അങ്ങനെ കടന്നുപോയി ......

അടുത്ത ദിവസം രാമുവും മറ്റു കൃഷിക്കാരുമെല്ലാം കൃഷിചെയ്യാൻ അവിടെയെത്തി . അപ്പോഴാണ് ആ വിളിച്ചുപറയൽകേട്ടത് . അത് ചെയർമാന്റെയായിരുന്നു .

"കർഷകരെ ഒരു നിമിഷം ഒന്നു ശ്രദ്ധിക്കൂ " ഈയിടെ ഞാൻ കണ്ടു -രാമു ഒഴികെ മറ്റു പണിക്കാരെല്ലാം പതിയെയാണ് കൃഷിചെയുനത് . ആർക്കും കൃഷിചെയ്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല . എന്നാൽ കുടിലിൽ പാർക്കുന്നു രാമു കഷ്ടപെട്ട് അധ്വാനിച്ച് കൃഷിചെയ്തത് പൂർത്തിയാക്കുന്നു ."ഇന്ന് നിങ്ങൾക്കായി ഒരു പന്തയമുണ്ട് എല്ലാ കർഷകരും ഉച്ചകഴിഞ്ഞ് 3 മണിയാകുമ്പോൾ വളമിട്ട് വിത്തുപാകി പുതിയ നെല്ലുകൾനട്ട് തീരണം .

അങ്ങനെ ഈ നാല് അതിരും വിത്തുപാകണം . 11 മണി തൊട്ട് 3 മണിവരെ സമയം . ശരി തുടങ്ങികൊള്ളൂ ".

എല്ലാവരും വിത്തു പാകാൻ തുടങ്ങി കുറച്ച സമയങ്ങൾക്കശേഷം കർഷകർ മിക്കവരും ക്ഷീണിച്ച് ഒരിടത്തിരുന്നു .എന്നാൽ രാമു വിത്തുപാകി വളമൊക്കെയിട്ടു . ചെയർമാൻ പറഞ്ഞു – സമയം തീർന്നിരിക്കുന്നു എല്ലാവരും നിർത്തി . ചെയർമാൻ ഓരോരുത്തരുടെയും ഭാഗം നോക്കി അതില്ലാരും വിത്തുപാകിക്കഴിഞ്ഞില്ല എന്നാൽ രാമു എല്ലാംപൂർത്തിയാക്കിയിരിക്കുന്നു . അതോടെ ചെയർമാൻ ഉറക്കെ വിളിച്ചുപറഞ്ഞു . രാമൂ നിനക്കു ഞാനൊരു ഫലംതരുന്നു . നിന്റെ അധ്വാനഫലം . എന്താണ് അങ്ങുതരുന്നത് പണമാണെങ്കിൽ അതെനിക്കുവേണ്ടെന്ന് രാമു പറഞ്ഞു .

ചെയർമാൻ – അതല്ല നിന്റെ കുടിലിന്റെയപ്പുറത്തുള്ള ഗ്രാമത്തിലെ കൃഷിസ്ഥലം നിന്റെ പേരിൽ ഞാനെഴുതിവെച്ചു . അവിടെനിയായിരിക്കും ചെയർമാൻ കുറച്ചു കർഷകരും അവിടെയുണ്ട് . ഇനി അവരെ നിയക്കേണ്ടത് നീയാണ് .

നന്ദിയുണ്ട് അങ്ങ് ചെയ്ത ഈ ത്യാഗം ഞാൻ ഒരിക്കലും മറക്കില്ല . നന്ദി എനിക് അരിമണി തന്ന അങ്ങെ ഞാൻ എന്നുമോർക്കും . ചെയർമാന് നന്ദി പറഞ്ഞുകൊണ്ട് രാമു നീങ്ങി . ആ കർഷകന്റെ കണ്ണിൽ നിന്ന് സന്തോഷക്കണ്ണീരൊഴുകി .

സെബിൻ എം . പി .

*9A*

# മാലിന്യ വിമുക്ത കേരളം

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന് പഴമക്കാർ പറയുന്നു, എന്നാൽ ഇന്ന് ദൈവത്തിന്റെ സ്വന്തംനാട് മാലിന്യങ്ങളുടെ കുമ്പാരമാകുകയാണ് .മണ്ണിനെ സ്നേഹിച്ച മണ്ണിന്റെ മണമുള്ള മലയാളി സമൂഹം ആധുനികതയുടെയും, സാങ്കേതിക വിദ്യയുടെയും പിന്നാലെ പായുമ്പോൾ തങ്ങളുടെ സംസ്കാരം മറന്ന് പാശ്ചാത്യ സംസ്കാരത്തിലേയ്ക്ക് കുടിയേറുന്നു എന്നതിനുള്ള ഉത്തമ ഉദാഹരണമാണ് നമുക്ക് ചുറ്റുമുള്ള മാലിന്യക്കുമ്പാരങ്ങൾ.ദൈവം അറിഞ്ഞുനല്കിയ മനോഹരമായ നദികളും മലകളും കുന്നുകളും എല്ലാം ഇന്ന് മലിനമായ ജനതയെ എടുത്തുകാട്ടുന്നു .ഉപയോഗത്തിന് ശേഷം ഉപേക്ഷിക്കുക അഥവ പാശ്ചാത്യരുടെ "use and throw" എന്ന സംസ്കാരം അനുകരിക്കുന്ന നാം ഒന്ന് ഓർക്കുന്നില്ല !വളരെ നിസ്സാരം എന്നുകരുതി വലിച്ചെറിയപ്പെടുന്ന ഓരോ മാലിന്യ നമ്മുടെ ഭൂമിയേയും സർവ്വജീവജാലകളെയും കാർന്ന്തിന്നുന്ന ഒരു ക്യാൻസർ തന്നെയാണെന്ന് .നാം എന്തിനും ഏതിനും വളരെ അതികം ഉപയോഗിക്കുന്ന plastic carry bag കൾ ഉപയോഗത്തിന് ശേഷം നാം എന്താണ് ചെയുന്നത് വലിച്ചെറിയുന്നു അല്ലെ ? ഉപയോഗിച്ച് plastic carry bag വീണ്ടും കഴുകി ഉപയോഗിക്കുന്ന എത്രപേർ നമുക്ക് ചുറ്റുമുണ്ട് ? വളരെ ചുരുക്കം പേർ മാത്രം അല്ലെ ?നിസ്സാരം എന്നുകരുതി ഉപയോഗത്തിന് ശേഷം നാം വലിച്ചെറിയുന്ന ചെറിയ പ്ലാസ്റ്റിക്കുകൾ മണ്ണിൽ വർഷങ്ങളോളം നശിക്കാതെ താങ്ങികിടക്കുന്നു . ഇത് മണ്ണിലേക് ജലമിറങ്ങുന്നത് തടയുന്നു ഇത് മണ്ണിന്റെ ഫലപുഷിയെ തന്നെ നശിപ്പിക്കുന്നു . ഉപയോഗശൂന്യമായ വസ്തുക്കൾ പ്രകൃതിദത്ത സ്രോദസ്സുകളിലേക് വലിച്ചെറിയുന്നതുമൂലം ജലാശയങ്ങൾ മലിനപ്പെടുന്നു . ജലാശയങ്ങളിലെ ജീവജാലങ്ങൾ മരണപ്പെടുന്നു . വർഷങ്ങൾ പഴക്കംചെന്ന മാലിന്യക്കുമ്പാരങ്ങൾക്കു മുന്നിൽ ഇന്നത്തെ തലമുറ പകച്ചുനിൽക്കുമ്പോഴാണ് മാലിന്യം മനുഷ്യനെ കാർന്ന്തിന്നു ഒരു കൃൻസർ ആണെന്ന് നാം തിരിച്ചറിഞ്ഞു തുടങ്ങുന്നത് ഇപ്പോൾ അറിയാതെ ഞാൻ ഓർത്തുപോകുകയാണ് ...

ഇനി വരുന്നൊരു തലമുറയ്ക്ക് ..........

.........................................................................................................................

ഇനിയുള്ള തലമുറയെങ്കിലും മാലിന്യവിമുക്തമായി ജീവിക്കാൻ നമ്മുക്ക് ഒന്നിച്ച്പ്രവർത്തികാം .....

***ജിതിൻ ജോമോൻ 9A***

# മോഹം

## ലോകം മുഴുവൻ ചുറ്റി സഞ്ചരിക്കാൻ കുഞ്ഞികിളിയുടെമോഹം

ഒരിടത്ത് രണ്ട് കുഞ്ഞിക്കിളികൾ ഉണ്ടായിരുന്നു. അവരുടെ പേര് ജിമ്പുവും, ചക്കിയും.അവരുടെ ആഗ്രഹമായിരുന്നു .ഈ ലോകം മുഴുവനും സഞ്ചരിച്ചു കാണണമെന്ന്. അവൻ ഇരുവരും കൂടി പറന്ന് വിഷമിച്ചു ഒരു വലിയ വൃക്ഷത്തിന്റെ കൊമ്പിൽച്ചെന്നിരുന്നു. അവൻ ചുറ്റുപാടും കണ്ണോടിച്ചു നോക്കി. അപ്പോൾ അവിടെ അടുത്തുള്ള ഒരു പേര മരത്തിൽ പേരയ്ക്ക പഴുത്തു കിടക്കുന്നു.അവൻ വയർ നിറച്ചുതിന്നു.അവൻ അന്നേരം ആലോചിച്ചു ഈ ലോകം സഞ്ചരിച്ചു കാണുന്നത് അത്ര എളുപ്പമല്ല. അതുകൊണ്ട് ഇരുവരും തിരിച്ചു വീട്ടിലേയ്ക്ക് പോയി.

ദേവ മോഹൻ
*9A*

# ഒരു രൂപയുടെ സൗഭാഗ്യം

ബംഗാളി നവോത്ഥാനനായകനായ ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ അടുക്കൽ ഒരിക്കൽ ഒരു കുട്ടി ഭിക്ഷയ്ക്കെത്തി.
"ഒരണ  തരണേ... ഭക്ഷണം കഴിക്കാനാ”. കുട്ടി കൈ നീട്ടി.
“ഞാൻ നിനക്ക് രണ്ടണ തന്നാൽ നീ എന്തു ചെയ്യും"?.വിദ്യാസാഗർ ചോദിച്ചു.
“ഞാൻ അമ്മകുള്ള ഭക്ഷണം വാങ്ങും.”കുട്ടി മറുപടിനൽകി "ഞാൻ അഞ്ചണ തന്നാൽ നീ എന്തു ചെയ്യും?”വിദ്യാസാഗർ ചോദിച്ചു. “ഞാൻ അമ്മയ്ക്കുള്ള മരുന്നു കൂടി വ്ങ്ങും". കുട്ടി മറുപടി പറഞ്ഞു. “ഞാൻ പത്തണ തന്നാലോ?”
വിദ്യാസാഗർ ചോദിച്ചു. “ഞാൻ ആ പണം കൊണ്ട് പഴക്കച്ചവടം തുടങ്ങും. പിന്നെയെനിക്ക് ആരുടെയും മുന്നിൽ കൈ നീട്ടേണ്ടി  വരില്ലല്ലോ.”കുട്ടിമറുപടി നൽ കി.

വിദ്യാസാഗറിന് കുട്ടിയുടെ മറുപടിയിൽ സന്തോഷം തോന്നി.പക്ഷേ താമസിയാതെ കുട്ടി കരബംഗാളി നവോത്ഥാനനായകനായ ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ അടുക്കൽ ഒരിബംഗാളി നവോത്ഥാനനായകനായ ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ അടുക്കൽ ഒരിക്കൽ ഒരു കുട്ടി ഭിക്ഷയ്ക്കെത്തി.
"ഒരണ  തരണേ... ഭക്ഷണം കഴിക്കാനാ”. കുട്ടി കൈ നീട്ടി.
“ഞാൻ നിനക്ക് രണ്ടണ തന്നാൽ നീ എന്തു ചെയ്യും"?.വിദ്യാസാഗർ ചോദിച്ചു.
“ഞാൻ അമ്മകുള്ള ഭക്ഷണം വാങ്ങും.”കുട്ടി മറുപടിനൽകി "ഞാൻ അഞ്ചണ തന്നാൽ നീ എന്തു ചെയ്യും?”വിദ്യാസാഗർ ചോദിച്ചു. “ഞാൻ അമ്മയ്ക്കുള്ള മരുന്നു കൂടി വ്ങ്ങും". കുട്ടി മറുപടി പറഞ്ഞു. “ഞാൻ പത്തണ തന്നാലോ?”
വിദ്യാസാഗർ ചോദിച്ചു. “ഞാൻ ആ പണം കൊണ്ട് പഴക്കച്ചവടം തുടങ്ങും. പിന്നെയെനിക്ക് ആരുടെയും മുന്നിൽ കൈ നീട്ടേണ്ടി  വരില്ലല്ലോ.”കുട്ടിമറുപടി നൽ കി.ക്കൽ ഒരു കുട്ടി ഭിക്ഷയ്ക്കെത്തി.
"ഒരണ  തരണേ... ഭക്ഷണം കഴിക്കാനാ”. കുട്ടി കൈ നീട്ടി.

അനിസ്റ്റൺ  ജോണി
*9A*

# അറിവിന് കേദാരം

അഞ്ചാം വയസ്സിൽ ഞാനക്ഷര ദാഹത്താൽ
ആദ്യ ചുവടു വെച്ചേറിയോരങ്കണം
ഇടി വെട്ടി മഴ പെയ്ത മൺസൂൺ പുലരിയിൽ
ഈറനണിഞ്ഞു ഞാൻ കയറിയൊരാലയം
ഉണ്മതൻ പൊരുളെന്ന ആദ്യം പഠിപ്പിച്ച
ഊർവര ഭൂമിയാണെന്റെ വിദ്യാലയം .
ഋതുക്കൾ കടന്നുപോയി മാറ്റങ്ങളേറെയായി
എത്തി ഞാൻ വീണ്ടുമീയാലയം തന്നിലായ് .
ഏറേകൊതിച്ചുള്ളൊരധ്യാപികാപദം
ഐഹിക ജീവിതേ സാഫല്യ പൂർണ്ണമായി .
ഒരുനാളുമാവില്ല വിസ്മരിച്ചീടുവാൻ
ഓർമയിലെന്നുമീ സൗധം വിളങ്ങിടും .
ഔന്നത്യശോഭയിൽ പരിലസിച്ചീടട്ടെ
അംബരചുംബിതമായ വിദ്യാലയം .
'അ' മുതൽ 'അം' വരെയെന്നെ പഠിപ്പിച്ച
കമനീയ സൗധമേ വന്ദനം വന്ദനം
ഖനിയാണ് നീയിന്നൊരക്ഷയ ഖനിയാണ്
ഗാഢമാം സ്നേഹത്തിൻ പൊന്നുറവ.
ഘോഷിക്കും എപ്പോഴും നിൻ മക്കൾ ഭൂമിയിൽ
ങ്യാവൂ..... പാടുന്ന മാർജാരനെപ്പോൽ
ചന്തമേറുന്ന സെൻറ് മൈക്കിൾ ഹൈസ്കൂളിൽ
ഛായാചിത്രം എൻ മാനസമേവിടും
ജയഭേരി മുഴക്കി നാടിനു തുവലായ്
ഝടുതിയിലുയരുമെൻ വിദ്യാലയം.
ഞങ്ങൾ തൻ ഹൃത്തതിൽ അറിവിൻ കുടങ്ങളിന്നു
ടയാതെ കാക്കുവാൻ മാലാഖ കാവലാം
'ഠായി ഠായി ' യാം മിഠായി പോലെയും
ഡപ്പിയിലുള്ളൊരു വൈഡൂര്യം പോലെയും
ഢക്ക കൊട്ടുന്നൊരു ബാലകരേവരുമീ
ണത്തിൽ പാടുന്ന സംഗീതമായിടും .

തപ്തനിശ്വാസങ്ങൾ താരാട്ടിന്നീണമായ് ഒരു
ഗാഥ പോലെയൊഴുകിടുമ്പോൾ
ദീപമാണെൻ വഴിത്താരയിലെന്നെന്നും
ധീരത കാട്ടുവാൻ പ്രേരകശക്തിയും
നന്മതൻ ഉറവിടമാണെന്റെ ആലയം .
പരിചയാണറിവിന്റെ കേദാരവും
ഫലമേറെ നൽകുന്ന വൻതരുവാണെന്നും.
ബാലമേറെയുള്ളൊരുവൻ ശൈലവും
ഭയത്തെയകറ്റുന്ന ഗുരുഭൂതരും
നല്ല മനസുള്ള ശിഷ്യഗണങ്ങളുമായ്
യാത്രയ്ക്കിടയിലെ സൗഹൃദ സാന്ദ്രമാം
രാഗസുധയിലലിഞ്ഞിടുമ്പോൾ
ലജ്ജ കൂടാതെയെൻ വിദ്യാലയത്തിന്റെ
വാതിൽക്കലെന്നും ഞാൻ നിന്നീടുന്നു .
ശാന്തമായൊഴുകുന്ന പുഴപോൽ ഉഷസ്സിലെ,
യാദിത്യകിരണത്തിൻ ശോഭപോലെ
സെന്റ് മൈക്കിൾസ് ഹൈസ്കൂളീനാട്ടിലുമെന്നുടെ
ഹൃത്തിലും പൊൻതാരമായി വിളങ്ങും .

"എന്റെ ഹൃത്തിലും പൊൻതാരമായ് വിളങ്ങും,

എന്റെ ഹൃത്തിലും പൊൻതാരമായ് വിളങ്ങും."

ബീന തോമസ്,
*(അധ്യാപിക,പൂർവ്വ വിദ്യാർത്ഥി)*

# ക്വിസ്

1)ആടുജീവിതം എന്ന നോവൽ എഴുതിയതാര് ?

ബെന്യാമിൻ

2)സൂര്യപ്രകാശം ഭൂമിയിൽ എതാൻ എടുക്കുന്ന സമയം ?

8 മിനിറ്റ്

3)Binnale എന്നാൽ എന്താണ് ?

Bi-Anual(2 വർഷം കൂടുവബോൾ നടകുന്നത്)

4)എത്ര വേഗത്തിൽ ആണ് Iss സഞ്ചരിക്കുന്നത് ?

7.66 knls

5)Iss ഒരു ദിവസം എത്ര പ്രാവശ്യം ഭൂമിയെ വലം വെയ്ക്കുന്നു?

15.54

6)എത്ര പൂജ്യങ്ങൾ ഉണ്ട് googol ൽ ?

100

7)അന്തരീക്ഷത്തിന്റേയും ബഹിരാകാശത്തന്റേയും അതിർവരബ് അറിയെപ്പടുന്നത് ?

കാർബൺ രേഖ

8)നോബൽ പ്രൈസും ഓസ്കാർ അവാർഡും നേടിയ ഏക വ്യക്തി ?

ബർണാഡ് ഷാ

9)വിനാഗിരിയിലും രസത്തിലും ലയിക്കുന്ന രത്നം ?

പവിഴം

10)ഇന്ത്യയിലെ ആദ്യത്തെ ബാങ്ക് ?

ഹിന്ദുസ്ഥാൻ ബാങ്ക്

11)ആദ്യത്തെ ബഹിരാകാശ ഗവേഷണ കേന്ദ്രം?

സോവിയറ്റ് യൂണിയനിലെ സല്യൂട്ട്

12)ഭൗമോപരിതലത്തിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകം ?

സിലിക്കൺ

**Sherya.A 5B**

# സാക്ഷരതയുടെ പ്രധാനം

വിദ്യാസമ്പന്നരായ പൗരന്മാർ ഒരു രാഷ്ട്രത്തിന്റെ സാമ്പത്താണ് . സാക്ഷരത ഒരു രാഷ്ട്രത്തിന്റെ സാമ്പത്തികവും ശാസ്ത്രീയവും സാംസ്കാരികവുമായ പുരോഗതിയെ സഹായിക്കുന്നു .അത് സാമൂഹിക തിന്മകളെ തുടച്ചുമാറ്റാൻ സഹായിക്കുന്നു . ഏറ്റവുംമികച്ച ഭരണക്രമം എന്ന് വിശേഷിപ്പിയ്ക്കപ്പെടുന്ന ജനാധിപത്യത്തിന്റെ നിലനിൽപ്പിനും ഇത് അത്യന്താപേക്ഷിതമാണ് .

ജനാധിപത്യം വിജയിക്കണമെങ്കിൽ ജനങ്ങൾ ശരിയായ തിരഞ്ഞെടുപ്പ് നടത്തണം . വിദ്യാസമ്പന്നരായ ജനതയ്ക്ക് മാത്രമേ ഒരു സർക്കാരിന്റെപദ്ധതികളെ വിലയിരുത്താൻ കഴിയൂ . സാക്ഷരത തങ്ങളുടെ കടമകളെയുംഅവകാശങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവാന്മാരാകുന്നു . സാക്ഷരത ചൂഷണത്തെ തടയുകയും അതുവഴി സാമ്പത്തിക പുരോഗതിയെ സഹായിക്കുകയും ചെയുന്നു .സാമൂഹിക തിന്മകളായ സ്ത്രീധനം , വർഗീയത എന്നിവ പരിധി വരെ ഇല്ലാതാകാൻ സാധിക്കും . ചുരിക്കിപ്പറഞ്ഞാൽ സുഖകരവും വിജയകരവുമായ ഒരു ജീവിതം നയിക്കാൻ സാക്ഷരതഅത്യന്താപേക്ഷികമാണ് .

***സായികൃഷ്ണ എസ് ,9A***

# സിംഹവും ആനയും

പണ്ട് പണ്ട് കിന്നരിക്കാട്ടിൽ ഒരു ദുഷ്ടനായ സിംഹം താമസിക്കുന്നുണ്ടായിരുന്നു. കാട്ടിലെ മൃഗങ്ങളെ ഒരു കാരണവുമില്ലാതെ അവൻ കൊല്ലുമായിരുന്നു . ഒരു പാവം പിടിയാനയുടെ ഒരേയൊരു മകളായിരുന്നു മീനു. കൊച്ചു കുട്ടിയായിരുന്ന അവൾ അമ്മയെ ആ ദുഷ്ടൻ കൊല്ലുന്നത് ഒളിഞ്ഞിരുന്ന് കണ്ടു എങ്ങനെയും ആ ദുഷ്ടനോട് പ്രതികാരം ചെയ്യണമെന്ന് മീനു തീരുമാനിച്ചു. തന്റെ ശക്തി അതിന് മതിയാവില്ല എന്ന് അവൾക്ക് നന്നായി അറിയാമായിരുന്നു എങ്കിലും തന്റെ ബുദ്ധി ഉപയോഗിച്ച് സിംഹത്തിനെ വകവരുത്താൻ അവൾ തീരുമാനിച്ചു. രണ്ടും കൽപ്പിച്ച് അവൾ സിംഹരാജന്റെ മുന്നിലെത്തി അപ്പോഴേയ്ക്കും ഒരാനക്കുട്ടിയെ മുന്നിൽ കിട്ടിയ സന്തോഷത്തിൽ
സിംഹം അലറികൊണ്ട് മീനുവിനുനേരെയടുത്തു പേടിച്ചരണ്ട ഭാവം നടിച്ചുകൊണ്ട് അവൾ സിംഹരാജനോട് പറഞ്ഞു അല്ലയോ തിരുമേനി, ഞാൻ താങ്കളെ ഒരു കാര്യംധരിപ്പിക്കാനാണ് വന്നത്.ഉം എന്താ? അതാ തൊട്ടടുത്തുള്ള കിണറ്റിൽ കിടന്ന് ഒരു സിംഹം താങ്കളെ വെല്ലുവിളിക്കുന്നു.അത് കേട്ടതും സിംഹം അലറിക്കൊണ്ട് ചോദിച്ചു.ആരാണാധിക്കാരി?അവന്റെ അടുത്തേക്ക് എന്നെ കൊണ്ടു പോകു മീനു അവനെ പൊട്ടക്കിണറിന്റെ അടുത്തേക്ക് കൊണ്ടുപോയി അവിടെ കിണറ്റിലേയ്ക്ക് നോക്കിയ സിംഹം ഞെട്ടിപ്പോയി. അതാഅവിടെ ഒരു സിംഹം താനലറിയപോലെ തന്നെ നോക്കിയലറുന്നു പിന്നെയൊന്നും ചിന്തിച്ചില്ല അവൻ കിണറ്റിലേയ്ക്ക് എടുത്ത് ചാടി അപ്പോഴാണ് സിംഹത്തിന് മനസ്സിലായത് കിണറ്റിലെ വെള്ളത്തിൽ കണ്ടത് തന്റെ പ്രതിബിംബം ആയിരുന്നെന്ന്.എടുത്ത്ചാട്ടം ആപത്തിൽ എത്തിക്കുമെന്ന് പറയുന്നത് എത്ര ശരിയാണന്ന്. അങ്ങനെ തന്റെ അമ്മയെ കൊന്ന ദുഷ്ടനോട് അവൾ പകരം വീട്ടി.

ക്രിസ്റ്റി മൈക്കിൾ
*4B*

# സുഹൃത്ത് എന്ന ദൈവദാനം

സൗഹൃദം– ഒരുവന്റെ ആത്മാവിൽ സ്നേഹത്തിന്റെ മുനകൊണ്ട് ആത്മാർത്ഥമായി എഴുതുന്ന വാക്ക് .സൗഹൃദം ഒരു ശക്തിക്കും വേർപെടുത്താൻ കഴിയാത്ത ഒന്നാണ്. ആപത്തിലും ആനന്ദത്തിലും നിഴൽ പോലെ നമ്മുടെ കൂടെ നിൽക്കുന്നതാണ് യഥാർത്ഥ സുഹൃത്ത് .ഒരു മരത്തിലെ ശാഖകൾ എന്ന പോലെ നാൾ തോറും വളരുന്നതാവണം സൗഹൃദം. അത് ആരും വെട്ടി മാറ്റാതെ നോക്കണം . ജീവിതത്തിലെ കല്ലും മുള്ളും നിറഞ്ഞ പാതയിൽ നിറദീപം ഉയർത്തുന്നവരാണ് സുഹൃത്തുക്കൾ . സൗഹൃദം എന്ന ബന്ധം അറിയാത്തവരായി ആരും തന്നെ ഉണ്ടാകില്ല . അങ്ങനെയാരെങ്കിലും ഉണ്ടെങ്കിൽ അവരുടെ ജീവിതം വെറും അർത്ഥശൂന്യമാണ് . കുറച്ച് നല്ല സുഹൃത്തുക്കളെ ഒരിക്കൽ ഒരുതവണ മാത്രമേ ലഭിക്കൂ .അവരെ പിരിയുക എന്നത് ആത്മാവിന്റെ കണ്ണീർ തുള്ളികൾ ആണ്

അമൃതാ രാജ് ഗോപാൽ

*8 B*

# സുന്ദരി പൂമ്പാറ്റ

പൂമ്പാറ്റേ, പൂമ്പാറ്റേ, സുന്ദരി പൂമ്പാറ്റേ,
നിന്നെ കാണാൻ എന്തു രസം,
നിന്റെ ചിറക്കുകൾ കാണാൻ
എത്ര മനോഹരം!
പൂമ്പാറ്റേ...... നിന്റെ വിവിധ വർണ്ണങ്ങളാൽ
നീ കൂടുതൽ സുന്ദരിയാണ്.....
നിന്റെ ശലഭക്കൂട്ടം, തേൻ നുകരാൻ വരുന്നു.....
പൂമ്പാറ്റേ, പൂമ്പാറ്റേ, സുന്ദരി പൂമ്പാറ്റേ.

*നൈഷാന ഇ ,9A*

# വൈക്കം മുഹമ്മദ് ബഷീർ (1 9 0 8 -1 9 9 4 )

പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപോരാളിയും' ബേപ്പൂർ സുൽത്താൻ ' എന്നു വിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തെ തലയോലപ്പറമ്പിൽ സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി . 'ഉജ്ജീവനം ' എന്ന പത്രത്തിലെഴുതിയ തീപ്പൊരിലേഖനങ്ങളാണ് ആദ്യകാല കൃതികൾ .'പ്രഭ ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത് . കുറെ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു .ഒമ്പത് വർഷത്തോളം നീണ്ട ഈ യാത്രകളിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു .

അദ്ദേഹം സാധാരണക്കാരന്റെ ഭാഷയിലായിരുന്നു എഴുതിയത് . അദ്ദേഹത്തിന്റെ രചനകൾ മുസ്‌ലിം ഭാഷ കലർന്നതായിരുന്നു . അദ്ദേഹത്തിന്റെ രചനകളിൽ അദ്ദേഹം ഒരു കഥാപാത്രമായിരിക്കും . ബഷീറിന്റെ കൃതികൾ ലോകം മുഴുവൻ പ്രശസ്തമാണ് . അദ്ദേഹത്തിന്റെ ആഖ്യാന ശൈലി ,കഥാപാത്രസൃഷ്ടിയിലെ വൈവിധ്യം , തനതായ ഭാഷാരീതി . മറ്റുള്ള കൃതികളിൽ നിന്നും വ്യത്യസ്തവും തമാശയുള്ളതുമാണ് ബഷീർകൃതികൾ .

പത്മശ്രീ ,കേന്ദ്ര –കേരളസാഹിത്യ അക്കാദമി പുരസ്ക്കാരങ്ങൾ ,ലളിതാംബിക അന്തർജനം അവാർഡ് ,മുട്ടത്തുവർക്കി അവ അവാർഡ് ,വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ബഷീറിനെ തേടിയെത്തിട്ടുണ്ട് . അദ്ദേഹത്തിന്റെ പ്രധാന കൃതികൾ

പ്രേമലേഖനം ,ബാല്യകാലസഖി ,ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു ,ആനവാരിയും പൊൻകുരിശും ,പാത്തുമ്മയുടെ ആട് , മതിലുകൾ ,സ്ഥലത്തെ പ്രധാന ദിവ്യൻ ,മരണത്തിന്റെ നിഴൽ , മുച്ചീട്ടുകളിക്കാരന്റെ മകൾ ,ജീവിതനിഴൽപ്പാടുകൾ ,താറാസ്പെഷ്യൽസ് ,മാന്ത്രികപ്പൂച്ച ,ശബ്ദങ്ങൾ ..................

യദു കൃഷ്ണൻ
*9A*

# യാത്രാവിവരണം

കഴിഞ്ഞ ഏപ്രിൽ 16 –ന് ഞങ്ങൾ പാലക്കാട് ടൂർ പോയി . നല്ല ഒരു അനുഭവമായിരുന്നു അത് .അന്ന് രാവിലെ 5 :30 –നു ഞങ്ങൾ പള്ളിയിൽ നിന്നും യാത്രതിരിച്ചു .എറണാകുളത്തിയപ്പോൾ കുറേ കെട്ടിടങ്ങളും പല ഷോപ്പിംഗ്മാളുകളും കണ്ടു .അവിടെയുണ്ടായിരുന്ന ഒരു പെട്രോൾ പമ്പിന്റെ സൈഡിൽ നിന്നാണ് ഞങ്ങൾ പ്രഭാതഭക്ഷണം കഴിച്ചത് . ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ പിന്നെയും അവിടുന്ന് യാത്രതിരിച്ചു . ഞങ്ങൾ പോകാൻ ഉദ്ദേശിച്ചത് പാലക്കാടുള്ള സിൽവർ സ്റ്റോം എന്ന പാർക്കിലാണ് . ഏതാണ്ട് ഉച്ചയ്ക്ക് 12 :30 –നോട്കൂടി ഞങ്ങൾ അവിടെയെത്തി .

പള്ളിയിലെ അച്ചനാണ് അതിനു നേതൃത്വം കൊടുത്തത് .അച്ചൻ പാർക്കിലേയ്ക്കുള്ള ടിക്കറ്റ്കൊടുത്തതിനുശേഷം ഞങ്ങളതിനുള്ളിലേയ്ക്ക് കയറി .കയറിയപ്പോൾത്തന്നെ ഞങ്ങൾ വസ്ത്രം മാറുവാനുള്ള മുറിയിൽ കയറിവസ്ത്രംമാറി പുറതേയ്ക്കേറങ്ങി .ഓരോ റൈഡുകൾ കാണുമ്പോൾ ഭംഗി തോന്നി .പക്ഷെ അതിനുള്ളിൽ കയറിയപ്പോൾ ഉള്ളിൽ തോന്നിയ ഭംഗി പോയി .ഒരാളെ എത്രതരത്തിൽ ഭയപ്പെടുത്താമോ അത്രയും തരത്തിൽ പേടിപ്പിക്കുന്ന റൈഡുകൾ .ഒരാളെ "മരണവെപ്രാളം"പോലെ .

ഏതാണ്ട് ഒരു മണിക്കൂറോളം ഞങ്ങൾ റൈഡുകളിൽ കയറിച്ചിലവഴിച്ചു വിശപ്പുതോന്നിയതു കാരണം ചോറ്കഴിക്കാൻ അവിടുള്ള ക്യാൻറ്റിനിൽ പോയി ഭക്ഷണം കഴിച്ചു . പിന്നീട് ഗോസ്റ്റ് ഹൗസ്സിൽ കയറി .പ്രേതപിശാശുക്കളുടെ ഒരു വലിയ കോട്ടയെന്നുതന്നെവേണം പറയാൻ .ശരിക്കും പേടിക്കും അതിൽ കയറാൻ .കുടികയറി വായിലൂടെ വെള്ളം ചിന്നിച്ചിതറി തെറിച്ചുകൊണ്ട് ഒരൊറ്റ വീഴ്ച .ശരിക്കും നല്ല രസമാണ് ആ ബോട്ട് റൈഡിൽ കയറാൻ .എല്ലാം കഴിഞ്ഞു ആ നനഞ്ഞ ഡ്രെസ് ചേഞ്ച് ചെയ്യ്ത് ഞങ്ങൾ ആ കാന്റീനിൽ നിന്നും ചായയും വടയും കഴിച്ചു ആറരയോടുകൂടി അവിടെ നിന്നും യാത്രതിരിച്ചു .

ഒരു എട്ടുമണിയായപ്പോൾ ഒരു ഹോട്ടലിൽ വണ്ടിനിർത്തി അത്താഴവും കഴിച്ചതിനുശേഷം ഞങ്ങളന് മടങ്ങി .വണ്ടിയിൽ കിടന്ന് നല്ല ഹല്ല്യം ബഹളവും പിന്നെ പാട്ടുപാടികളിച്ചു .പിന്നെഉറക്കക്ഷീണം വന്നതുകൊണ്ട് കിടന്നുറങ്ങി എന്റെ കൂടെ ഒരു കൂട്ടുകാരിയും മാത്രം ബാക്കിയെല്ലാവരും ഒരുമിച്ചാണ്

കയറിയത് ഞങ്ങൾ രണ്ടുപേരും എത്താൻ താമസിച്ചുപോയി .ഞങ്ങൾ മാത്രം ഒറ്റയ്ക്ക് ,ഹൊ ;ഭയങ്കരം തന്നെയായിരുന്നു ആ അനുഭവം .

പിന്നെ അവിടെ നിന്ന് പോയി സ്വിമ്മിങ്പൂളിലായിരുന്നു . ഒരു മൂന്നുമണിമുതൽ ആറുമണിവരെ ആ വെള്ളത്തിലായിരുന്നു. നല്ല രസമായിരുന്നു ആ വെള്ളത്തിൽ കളിക്കാൻ .വെള്ളത്തിൽകളിക്കാനുമുണ്ടായിരുന്നു വേറെ തരത്തിലുള്ള റൈഡുകൾ .ബോട്ട് റെയ്ഡും വളരെ മനോഹരമായിരുന്നു .പുഴുവിന്റെ വാലിൽ കൂടികയറി വായിലൂടെ വെള്ളം ചിന്നിച്ചിതറി തെരുപ്പിച്ചുകൊണ്ട് ഒരൊറ്റ വീഴ്ച .ശരിക്കും നല്ല രസമായിരുന്നു ആ ബോട്ട്റൈഡിൽകയറാൻ .എല്ലാം കഴിഞ്ഞു ആ നനഞ്ഞ ഡ്രസ്സ് ചേഞ്ച് ചെയ്ത് ഞങ്ങൾ ആ കാന്റീനിൽ നിന്നും ചായയും വടയും കഴിച്ചു ആറരയോടുകൂടി അവിടെ നിന്നും യാത്രതിരിച്ചു .

ഒരു എട്ടുമണിയായപ്പോൾ ഹോട്ടലിൽ വണ്ടിനിർത്തി അത്താഴം കഴിച്ചതിനുശേഷം ഞങ്ങൾ മടങ്ങി .വണ്ടിയിൽ കിടന്നു നല്ല തുള്ളും ബഹളവും പിന്നെ പാട്ടുപാടിക്കളിച്ചു .പിന്നെ ഉറക്കക്ഷീണം വന്നതുകൊണ്ട് കിടന്നുറങ്ങി .പിറ്റേന്ന് വെളുപ്പിനെ 2 :30 –ആയപ്പോൾ പള്ളിയിൽ തിരിച്ചെത്തി ,പിന്നീട് വീട്ടിലേയ്ക്ക് മടങ്ങി പിറ്റേന്ന് വെളുപ്പിനെ 2 ;30 –ആയപ്പോൾ പള്ളിയിൽ തിരിച്ചെത്തി ,വീട്ടിലേക്കു മടങ്ങി .

**അലീഷ ജോസ്മോൻ**

*9 A*

# മണ്ടന്മാരുടെ ഗ്രാമം

ഒരിടത്തൊരിടത്ത് കുറെമണ്ടന്മാർ മാത്രം താമസിച്ചിരുന്ന ഒരു ഗ്രാമം ഉണ്ടായിരുന്നു.അവർ പറയുന്നതും ചെയ്യുന്നതുമെല്ലാം മണ്ടത്തരങ്ങളായിരുന്നു. അങ്ങനെയിരിക്കെ മാവുകൾ പൂക്കുന്ന കാലമായി അപ്പോൾ മണ്ടന്മാർ ഒത്തുചേർന്നു. “ഇത്തവണയും നമുക്ക് മാങ്ങ ഉപ്പിലിടണം .” “അതെ, കിട്ടാവുന്നതിലും വലിയ ഭരണികൾ വാങ്ങാം.അപ്പോൾ കൂടുതൽ മാങ്ങകൾ ഉപ്പിലിടാൻ കഴിയുമല്ലോ . അങ്ങനെ പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. അപ്പോഴാണ് തട്ടിച്ചുരുണ്ട ഒരാൾ അവിടെയെത്തിയത്

“എടോ... എന്തിനാ നമ്മൾ ഭരണി വാങ്ങി പണം കളയുന്നത്.നമ്മുടെ ഗ്രാമത്തിൽ കുറ്റനൊരു കുളമില്ലെ. നമുക്കതിൽ മാങ്ങ ഉപ്പിലിട്ടുകൂടെ"?അയാൾ ചോദിച്ചു.അതു നല്ല കാര്യമാണെന്ന് എല്ലാവർക്കും തോന്നി.

ശരിയാ... അങ്ങനെയാകുമ്പോൾ ആവശ്യത്തിന് പുറത്തെടുത്താൽ മതിയല്ലോ എല്ലാവരും കുളത്തിലിട്ടു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഗ്രാമത്തിലുള്ളവരെല്ലാം ചാക്കുകണക്കിന് മാങ്ങയും ഉപ്പുമായെത്തി.അതെല്ലാം കുളത്തിലിട്ടു.മാസങ്ങൾ കഴിഞ്ഞു. ഉപ്പുമാങ്ങ പുറത്തെടുക്കാനുള്ള കാലമായി മണ്ടന്മാർ കുറ്റൻപാത്രങ്ങളുമായെത്തി എന്നിട്ടോ.?

പാത്രങ്ങൾ അരയിൽകെട്ടി ഉപ്പുമാങ്ങ വാരാൻ കുളത്തിലിറങ്ങി. പാത്രത്തിൽ ഉപ്പുമാങ്ങ നിറച്ചപ്പോൾ അതിന്റെ ഭാരം കാരണം അർക്കും കുളത്തിന് പുറതെത്താൻ കഴിഞ്ഞില്ല.കുളത്തിലിറങ്ങിയവരെ കാണാതായപ്പോൾ കരയ്ക്ക് നിന്നവർ പറഞ്ഞു. “ഹും...അവന്മാർ ഉപ്പുമാങ്ങ മുഴുവനും വാരിയെടുക്കുവായിരിക്കും.നമുക്ക് കൂടുതൽ വലിപ്പമുള്ള പാത്രങ്ങളുമായി കുളത്തിലിറങ്ങാം.”അങ്ങനെ അങ്ങനെയങ്ങനെ കുളത്തിലിറങ്ങിയവരാരും പുറത്തുവന്നില്ല.അതോടെ മണ്ടന്മാരുടെ ഗ്രാമത്തിൽ ആളില്ലാതായി.

അനിസ്റ്റൻ.ജോണി

*9A*

# ആദ്യത്തെ മരംകൊത്തിയുണ്ടയ

## കഥ

ഒരിക്കൽ ദൈവം ഒരു സ്ത്രീയെ പരിക്ഷക്കാനായി ഒരു വൃദ്ധന്റെ രൂപത്തിൽ അവരുടെ വീട്ടിൽ ചെന്നു.വിശന്നുവലഞ്ഞ് അവശനായ വൃദ്ധൻ ആസ്ത്രീയോട് തനിക്ക് എന്തെങ്കിലും കഴിക്കാൻ തരണമെന്ന യാചിച്ചു.ഇതുകേട്ട ആ സ്ത്രീ കുത്തുചെന്ന് അല്പം മാവ് എടുത്തു കുഴിച്ചു കൊണ്ടുവന്ന് വൃദ്ധനെ കാണിച്ചുട്ട പറഞ്ഞു.ഇവുടെ മറ്റൊന്നും ഇരുപ്പല്ല.കുറച്ചുനേരം കാത്തിരിക്കാമെങ്കിൽ ഞാനിതുകൊണ്ട അപ്പം ചുട്ടതരാമെന്ന് അറിയിച്ചു. വൃദ്ധൻ കാത്തിക്കാമെന്ന് പറഞ്ഞു അപ്പോൾ തന്നെ അവൾ അടുക്കളയിൽ ചെന്ന് അപ്പം ചുട്ടു. ആ അപ്പം അവൾ പ്രതീക്ഷിച്ചതിലും വലുതായിരുന്നു. ഇത്രയും വലിയ അപ്പമെന്തിന് ആ വൃദ്ധനുകൊടുക്കണം, ഇത് എനിക്കു തന്നെ കഴിക്കണം.എന്നു പറഞ്ഞുകൊണ്ട് അവൾ വേറെ മാവുകുഴച്ച് വൃദ്ധനെകാണിച്ചിട്ട പറഞ്ഞു.അല്പം കൂടി കാത്തിരുന്നാൽ ഞാൻ ഇതുചുട്ടതരാമെന്ന് പറഞ്ഞു.എന്നാൽ ഇപ്പോഴത്തെ അപ്പം ആദ്യത്തേതിലും വലിതും മനോഹരവും ആയിരുന്നു. അതു അവൾ വൃദ്ധനുകൊടുക്കാതെ വീണ്ടും വേറെ മാവു കുഴച്ച് അടുത്ത അപ്പം ഉണ്ടാക്കി. അത്ഭുതമെന്നു പറയടെ അത് മറ്റു രണ്ട് അപ്പത്തേക്കാളും വലുതും ഭംഗിയുള്ളതും ആയുരുന്നു. അപ്പോൾ അവൾ വിചാരിച്ചു എങ്ങനെയെങ്കിലും ഇതെല്ലാം തനിക്കു തന്നെ തിന്നണം. ഇവിടെയുള്ളത് തന്ക്കു തിന്നാൻ മാത്രമെ തികയൂ അതിനാൽ നിങ്ങൾ നിങ്ങളുടെ ആഹാരം വല്ല മരത്തിൽ നിന്നും കണ്ടത്തി കഴിച്ചോള്ളൂ എന്നു പറഞ്ഞ് ആ വൃദ്ധനെ ആവിടെ നിന്നും ആട്ടിപ്പായിച്ചു. പെട്ടന്നുതനെ ആ വൃദ്ധന്റെ സ്ഥാനത്ത് ദൈവം പ്രത്യക്ഷപ്പെട്ടു. ദൈവത്തിന് ആ സ്ത്രീയുടെ അഹങ്കാരം പോറുക്കാനായില്ല. അദ്ദേഹം അവളോട്ട പറഞ്ഞു നിനക്ക് ഇനി ഇവിടെ താസിക്കാനുള്ള യോഗ്യതയില്ല.നീ നിന്റെ ആഹാരം വല്ല മരത്തിൽ നിന്നും തേടിക്കൊള്ളൂ എന്നു പറഞ്ഞ് തറയിൽ ആഞ്ഞുചവിട്ടി. അതോടെ അവൾ ചെറുതായി വന്നു. ദേഹമാസകലം തൂവലുകൾട മുളച്ചു.അങ്ങനെ അവിടെ നിന്നു മരത്തിലേയ്ക്കു പറന്നു കയറി.അന്നുമുതലാണത്രേ മരം കൊത്തികൾ ഉണ്ടായതും

**അവ ആഹാരം തേടി മരത്തിൽ കൊത്തി കൊത്തി കൊത്തി നടക്കാൻ തുടങ്ങിയതും.**

**ദേവമോഹൻ**

***9A***

# മനോനില തകരാറിലായവരോടുള്ള സമീപനം

മുത്തശ്ശി കഥപറയാൻ തുടങ്ങി .കുട്ടികൾ ആകാംക്ഷയോടെ കാത്തിരുന്നു.ഒരിടത്ത് മനോനില തകരാറിലായ ഒരാൾ ജീവിച്ചിരുന്നു .അദ്ദേഹത്തിന്റെ പേര് തിരകൻപോലും അവിടത്തെ ആൾക്കാർ നാൽപര്യപ്പെട്ടിരുന്നില്ലാ ,അയാൾ അങ്ങനെ ജീവിക്കുന്നു ,എന്തുകൊണ്ട് അയാൾക്ക് ഈ അവസ്ഥാ വന്നു ,ആർക്കും അറിയില്ല .അതുകൊടുത്തന്നെ അദ്ദേഹത്തിനെ വിളിച്ചിരുന്നത് വട്ടൻ അന്നായിരുന്നു . ഈ പേര് കേൾക്കുമ്പോൾ അദ്ദേഹത്തിന് ദേഷ്യവുംസങ്കടവും വരും ;പലപ്പോഴും അദ്ദേഹം കരഞ്ഞുപോയിട്ടുണ്ട് .അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് പോയാൽ ,അദ്ദേഹം ജീവിക്കുന്നത് ഒരു ഓലമേഞ്ഞ വീട്ടിലാണ് ,തനിച്ചാണ്  ജീവിക്കുന്നത് .ചുറ്റിനും വീടുകളും ആള്കാരുമുണ്ടെകിലും ആരും മിണ്ടാറില്ല .

ഒരു ദിവസം സുബ്രു എന്ന കുട്ടി അമ്മപറഞ്ഞതുപ്രകാരം കടയിൽ പോകുകയായിരുന്നു .പോകുന്നവഴിയിൽ സുബ്രു ഒരു കാഴ്ചകണ്ടു ,ആരെയും അതിശയിപ്പിക്കുന്നതായിരുന്നു ആ കാഴ്ച ............സുബ്രു നോക്കുമ്പോൾ അദ്ദേഹം ആത്മഹത്യചെയ്യാനായി കയറുകെട്ടി ,തൂങ്ങാൻ പോകുന്നു .സുബ്രു ഒരു നിമിഷം വൈകാതെ ഓടിച്ചെന്ന് കാലിൽ പിടിച്ചു സുബ്രു നോക്കുമ്പോൾ അദ്ദേഹം കരയുകയായിരുന്നു .അതുകൊണ്ട് എങ്ങനെ ചെയ്യാൻ പോയി എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ,എല്ലാവരും എന്നെ വട്ടൻ എന്ന പേരിൽ കളിയാക്കുന്നു ,ആരും എന്നോട് മിണ്ടുന്നില്ല .അപ്പുറത്തെവിട്ടില്ല നായക്ക് പോലും ഇതിനേക്കാൾ പരിഗണന കൊടുക്കുന്നുണ്ടല്ലോ .സുബ്രുവിന് ഒന്നുംപറയാൻ ഇല്ലായിരുന്നു .സുബ്രു ഒരു കാര്യം മാത്രം അദ്ദേഹത്തിനോട് തിരക്കി പേരെന്താണ് ,അദ്ദേഹം പറഞ്ഞു നിരഞ്ജൻ. തങ്ങൾക്കെന്താണ് സംഭവിച്ചത് എന്ന് ചോദിച്ചപ്പോൾ നിരഞ്ജൻ പറഞ്ഞു ,ഞാനൊരു സാധാരണ മാനുഷനായിരുന്നു എന്റെ കൂടെ എന്റെ അമ്മയുണ്ടായിരുന്നു എനിക് അമ്മയും അമ്മായിക് ഞാനും എന്നരീതിയിൽ സന്തോഷകരമായാണ് ഞങ്ങൾ ജീവിതം മുന്നോട്ട് വെച്ചത് .ഒരു ദിവസം അമ്മയ്ക്ക ഹൃദയാഘാതം വന്ന് മരിച്ചു .എന്റെ ലോകം എന്നെ വിട്ടുപോകുന്നതുപോലെ എന്നിക് തോന്നി .എന്നിക് .എന്താണ് സംദവിച്ചതെന്ന് എന്നിക് അറിയില്ല .പെട്ടന്നു സുബ്രു പറഞ്ഞു 'അമ്മ തിരക്കും ഞാൻ പോകുന്നു .പിന്നീട് ഓരോദിവസവും സുബ്രു

നിരഞ്ജന്റെ വീട്ടിൽ ചെന്ന് അവർ കൂടുതൽ അടുത്ത് .പതുകെ നിരഞ്ജന്റെ അസുഖം മാറിവന്നു .പിന്നീട് അവിടത്തെ നാട്ടുകാർ കണ്ടത് നന്നായി ജീവിക്കുന്ന നിരഞ്ജനെയായിരുന്നു .അങ്ങനെ വട്ടൻ എന്ന പേരും മാറി .

മുത്തശ്ശി കഥപറഞ്ഞു നിർത്തി കുട്ടികൾ നിശബ്ദര നിശബ്ദതയിലയിരുന്നു .

കുട്ടികൾക് ഒരുകാര്യം മനസ്സിലായി മനോനില തകരാറിലായവരോട് എങ്ങനെപെരുമാറാണെന്ന്

*സനേഷ് എ എസ് ,9A*